കേരളസർവകലാശാല

നം.പി.ആർ.248/2021

# പത്രക്കുറിപ്പ്

## പരീക്ഷാഫലം

കേരളസർവകലാശാല പത്താം സെമസ്റ്റർ ഇൻറഗ്രേറ്റഡ് പഞ്ചവത്സര ബി.എ/ബി.കോം/ ബി.ബി.എ എൽ.എൽ.ബി സ്പെഷ്യൽ പരീക്ഷയുടെ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനും ഡിസംബർ 10 വരെ ഓഫ് ലൈനായി അപേക്ഷിക്കാവുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## ഡിസ്സർട്ടേഷൻ/ വൈവ പരീക്ഷ

കേരളസർവകലാശാലയുടെ രണ്ടാം സെമസ്റ്റർ എം.എൽ.ഐ.എസ്സി (വിദൂരവിദ്യാഭ്യാസം- 2018 അഡ്മിഷൻ റെഗുലർ & 2017 അഡ്മിഷൻ സപ്ലിമെന്ററി) മെയ് 2021 പരീക്ഷയുടെ 2021 നവംബർ 15ന് നടത്താൻ നിശ്ചയിച്ചിരുന്ന 'LISM 58-Dissertation and Viva Voce' പരീക്ഷ 2021 ഡിസംബർ 2ന് പാളയം ഡിപ്പാർട്ട്മെന്റ് ഓഫ് ലൈബ്രറി ആൻഡ് ഇൻഫർമേഷൻ സയൻസിൽ രാവിലെ 10.30 മുതൽ നടത്തുന്നതാണ്.

കേരളസർവകലാശാല 2021 ഓഗസ്റ്റ് മാസം നടത്തിയ കരിയർ റിലേറ്റഡ് ബി.എസ്.ഡബ്ല്യു (315) പ്രോഗ്രാമിന്റെ ഒന്നാം സെമസ്റ്റർ വൈവ വോസി പരീക്ഷകൾ 2021 ഡിസംബർ 8 മുതൽ അതാത് കോളേജുകളിൽ വച്ച് നടത്തുന്നതാണ് .വിശദവിവരം വെബ്സൈറ്റിൽ.

## അസൈമെന്റ് തീയതി നീട്ടി

കേരളസർവകലാശാല വിദൂരവിദ്യാഭ്യാസവിഭാഗം മൂന്നും നാലും സെമസ്റ്റർ പി.ജി, യു.ജി പ്രോഗ്രാമുകളുടെ (2019 അഡ്മിഷൻ) അസൈമെന്റ് സമർപ്പിക്കുന്നതിനുള്ള അവസാന തീയതി ഡിസംബർ 10 വരെ നീട്ടിയിരിക്കുന്നു.

## ടൈംടേബിൾ

കേരളസർവകലാശാല ആറാം സെമസ്റ്റർ, (ത്രിവത്സരം), പത്താം സെമസ്റ്റർ (പഞ്ചവത്സരം) എൽ.എൽ.ബി (2011 12 അഡ്മിഷന് മുൻപുള്ളത്) ഫൈനൽ മേഴ്സി/ സപ്ലിമെന്ററി പരീക്ഷ 2021 ഡിസംബർ 17ന് ആരംഭിക്കുന്നതാണ്. പരീക്ഷ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്. പ്രസ്തുത പരീക്ഷകൾക്ക് ഗവ: ലോ കോളേജ് മാത്രമാണ് പരീക്ഷാകേന്ദ്രമായിട്ടുള്ളത്.

കേരളസർവകലാശാല 2021 ഡിസംബർ 6 മുതൽ ആരംഭിക്കുന്ന രണ്ടാം സെമസ്റ്റർ എം.എഡ് Research Proposal Preparation And Presentation, Interface With External Board (IEB) പരീക്ഷയുടെ വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

കേരളസർവകലാശാല 2021 ഡിസംബർ നടത്തുന്ന അഞ്ചാം സെമസ്റ്റർ ബി.എ ഓണേഴ്സ് ഡിഗ്രി പ്രോഗ്രാം ഇൻ ഇംഗ്ലീഷ് ലാംഗ്വേജ് ആൻഡ് ലിറ്ററേച്ചർ ഡിഗ്രി (2019 അഡ്മിഷൻ റെഗുലർ & 2017-18 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരം വെബ്സൈറ്റിൽ.

## സ്പെഷ്യൽ പരീക്ഷ

കോവിഡ് 19 പശ്ചാത്തലത്തിൽ ഒന്നാം സെമസ്റ്റർ, എട്ടാം സെമസ്റ്റർ ഇൻറഗ്രേറ്റഡ് പഞ്ചവത്സര ബി.എ/ബി.കോം/ബി.ബി.എ എൽ.എൽ.ബി സെപ്റ്റംബർ 2021 എഴുതാൻ കഴിയാത്ത വിദ്യാർത്ഥികൾക്ക് സ്പെഷ്യൽ പരീക്ഷ എഴുതാവുന്നതാണ്. സ്പെഷ്യൽ പരീക്ഷയ്ക്ക് അപേക്ഷിക്കുന്നവർ അവരുടെ പേര്, കാൻഡിഡേറ്റ് കോഡ്, പ്രോഗ്രാം കോഴ്സ് കോഡ് എന്നിവ അടങ്ങുന്ന അപേക്ഷ ആരോഗ്യ വകുപ്പിന്റേയോ തദ്ദേശസ്വയംഭരണ വകുപ്പിന്റേയോ സാക്ഷ്യപത്രങ്ങൾ സഹിതം 2021 ഡിസംബർ 8 നകം അതാത് കോളേജ് പ്രിൻസിപ്പൽമാർക്ക് സമർപ്പിക്കേണ്ടതാണ്. ഈ പരീക്ഷയ്ക്ക് സബ്സെന്ററുകൾ ഉണ്ടായിരിക്കുന്നതല്ല.

## പരീക്ഷ രജിസ്ട്രേഷൻ

കേരളസർവകലാശാല 2021 ഡിസംബറിൽ നടത്തുന്ന രണ്ടാം സെമസ്റ്റർ ബി.എ ഓണേഴ്സ് ഡിഗ്രി പ്രോഗ്രാം ഇൻ ഇംഗ്ലീഷ് ലാംഗ്വേജ് ആൻഡ് ലിറ്ററേച്ചർ ഡിഗ്രി പരീക്ഷാ വിജ്ഞാപനം പ്രസിദ്ധീകരിച്ചു പിഴയില്ലാതെ 2021 ഡിസംബർ 4 വരെയും 150 രൂപ പിഴയോടെ ഡിസംബർ 8 വരെയും 400 രൂപ പിഴയോടെ ഡിസംബർ 10 വരെയും അപേക്ഷിക്കാം. വിശദവിവരം വെബ്സൈറ്റിൽ.

കേരളസർവകലാശാല നാലാം സെമസ്റ്റർ ബി.ടെക് ഡിഗ്രി പരീക്ഷ, ഡിസംബർ 2021, 2008 സ്കീം (സപ്ലിമെന്ററി/ പാർട്ട് ടൈം/ 2008, 2009, 2010 അഡ്മിഷൻ മേഴ്സി ചാൻസ്); 2013 സ്കീം (സപ്ലിമെന്ററി, സെഷണൽ ഇംപ്രൂവ്മെന്റ്, കാൻഡിഡേറ്റ്സ്, യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ്,കാര്യവട്ടം (2017 അഡ്മിഷൻ വരെയുള്ള സപ്ലിമെന്ററി കാൻഡിഡേറ്റ്സ്) എന്നിവരുടെ പരീക്ഷ വിജ്ഞാപനം സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്. അപേക്ഷ ഓൺലൈനായി സമർപ്പിക്കാവുന്നതാണ്. വിശദവിവരം വെബ്സൈറ്റിൽ.

കേരളസർവകലാശാല 2022 ജനുവരിയിൽ നടത്തുന്ന ഒന്നും മൂന്നും സെമസ്റ്റർ (2014 അഡ്മിഷൻ സപ്ലിമെന്ററി , ഒന്നാം സെമസ്റ്റർ (2011, 2012, 2013 അഡ്മിഷൻ മേഴ്സി ചാൻസ്), മൂന്നാം സെമസ്റ്റർ (2012, 2013 അഡ്മിഷൻ മേഴ്സി ചാൻസ്) എം.സി.എ ( 2011 സ്കീം) പരീക്ഷകളുടെ രജിസ്ട്രേഷൻ ആരംഭിച്ചു.പിഴയില്ലാതെ 2021 ഡിസംബർ 7 വരെയും 150 രൂപ പിഴയോടെ ഡിസംബർ 10 വരെയും 400 രൂപ പിഴയോടെ ഡിസംബർ 14 വരെയും അപേക്ഷിക്കാം. വിശദവിവരം വെബ്സൈറ്റിൽ.

കേരളസർവകലാശാല 2022 ജനുവരിയിൽ നടത്തുന്ന ഒന്നാം സെമസ്റ്റർ എം.സി.എ (2015 സ്കീം സപ്ലിമെന്ററി )ഡിഗ്രി പരീക്ഷയുടെ രജിസ്ട്രേഷൻ ആരംഭിച്ചു.പിഴയില്ലാതെ 2021 ഡിസംബർ 7 വരെയും 150 രൂപ പിഴയോടെ ഡിസംബർ 10 വരെയും 400 രൂപ പിഴയോടെ ഡിസംബർ 14 വരെയും അപേക്ഷിക്കാം. വിശദവിവരം വെബ്സൈറ്റിൽ.

## പി.ജി ഡിപ്ലോമ ഇൻ മോളിക്യൂലാർ ഡയഗോനോസ്റ്റിക്സ്

കേരളസർവകലാശാല ബയോടെക്നോളജി പഠനവിഭാഗത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഇൻറ്റർ യൂണിവേഴ്സിറ്റി സെൻറ്റർ ഫോർ ജനറ്റിക്സ് ആൻഡ് ജീൻ ടെക്നോളജി (IUCGST), പി.ജി ഡിപ്ലോമ ഇൻ മോളിക്യൂലാർ ഡയഗോനോസ്റ്റിക്സ് എന്ന പി.ജി ഡിപ്ലോമ കോഴ്സിലേക്കുഅപേക്ഷക്ഷണിച്ചിട്ടുണ്ട്.വിശദവിവരങ്ങൾ വെബ്സൈറ്റിൽ ലഭ്യമാണ്. അപേക്ഷഫോം ഡിസംബർ 2 മുതൽ ഡിപ്പാർട്മെന്റിൽ നിന്നും ലഭിക്കുന്നതാണ് .അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി 2021 ഡിസംബർ 15.

തിരുവനന്തപുരം,
30.11.2021.

പബ്ലിക് റിലേഷൻസ് ഓഫീസർ

**E-mail:** For exam related queries**examhelpdesk1@keralauniversity,examhelpdesk2@keralauniversity**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**